**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 531** **24-08-2022 - ൽ മറുപടിയ്ക്ക്**

**പെൻഷൻകാരുടെ ചികിത്സാ ചെലവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2010-2011 വർഷം സർവീസ് പെൻഷൻകാർക്ക് ചികിത്സ ചെലവ് അനുവദിക്കുന്നത് സംബന്ധിച്ച് ധനകാര്യവകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | സർവ്വീസ് പെൻഷൻകാർക്ക് മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് **64202/PWC-A1/2007 നമ്പരിലുള്ള ഫയലിൽ** CGHS, ECHS, CHIS, CHIAK തമിഴ് നാട് സർക്കാർ സർവ്വീസ് പെൻഷൻകാർക്ക് സർക്കാർ നൽകുന്ന സ്കീം എന്നിവ പരിശോധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ ഇൻഷ്വറൻസ് ഡയറക്ടറെ ചുമതലപ്പെടുത്തുകയും ആയതിൻപ്രകാരം റിപ്പോർട്ട് 17/12/2012 തീയതിയിൽ ധനകാര്യ വകുപ്പിന് ലഭ്യമാകുകയും ചെയ്തു. 2010-2011 സാമ്പത്തിക വർഷം ചികിത്സ അലവൻസായി പ്രായപരിഗണന കൂടാതെ എല്ലാ പെൻഷൻകാർക്കും 300 രൂപ അനുവദിച്ചു. കൂടാതെ മെഡിസെപ്പ് പദ്ധതിയിൽ സർവ്വീസ് പെൻഷൻകാരേയും അവരുടെ ആശ്രിതരേയും ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിഷയം സംബന്ധിച്ച് അന്നത്തെ മുഖ്യമന്ത്രി പെൻഷൻ സംഘടനകളുമായി ചർച്ച നടത്തിയിരുന്നോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (ബി) | സർവീസ് പെൻഷൻകാരുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് 18/01/2013 - ൽ അന്നത്തെ ബഹു. മുഖ്യമന്ത്രി സർവ്വീസ് പെൻഷൻകാരുടെ അംഗീകൃത സംഘടനകളുടെ പ്രതിനിധികളുമായി ചർച്ച നടത്തിയിരുന്നു. |
| (സി) | പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ വൈകിയതിന്റെ കാരണം വ്യക്തമാക്കാമോ? | (സി) | പെൻഷൻകാർക്കുള്ള സൗജന്യ ചികിത്സാ പദ്ധതി ആരംഭിക്കുന്നത് സംബന്ധിച്ച് വിശദമായി പരിശോധിച്ചുവെങ്കിലും ആയത് പ്രായോഗികമല്ലാത്തതിനാൽ നടപ്പാക്കിയില്ല. പെൻഷൻകാർക്ക് ചികിത്സാ പദ്ധതി ആരംഭിക്കുന്നത് സംബന്ധിച്ച് പഠിക്കുന്നതിനായി കമ്മിറ്റി രൂപീകരിക്കുകയും വിവിധതലത്തിലുള്ള ചർച്ചകൾക്കുശേഷം ശമ്പള പരിഷ്കരണ കമ്മിറ്റിയ്ക്ക് പ്രസ്തുത വിഷയം കൈമാറുകയും ശമ്പള പരിഷ്കരണ റിപ്പോർട്ടിൽ കമ്മിറ്റി സർക്കാരിന് ശുപാർശ സമർപ്പിക്കുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ

**'സർവ്വീസ് പെൻഷൻകാരുടെ വിവിധ ആവശ്യങ്ങൾ' സംബന്ധിച്ച് പെൻഷൻകാരുടെ അംഗീകൃത സംഘടനകളുടെ പ്രതിനിധികളുമായി ബഹു. മുഖ്യമന്ത്രി 18.01.2013 ൽ നടത്തിയ ചർച്ചയുടെ മിനിട്ട്സ്**

"കേരള സ്റ്റേറ്റ് സർവ്വീസ് പെൻഷൻകാരുടെ വിവിധ ആവശ്യങ്ങൾ" സംബന്ധിച്ച് ശ്രീ.ടി.എൻ.പ്രതാപൻ എം.എൽ.എ ഉന്നയിച്ച സബ്മിഷന് 18.12. 2012 ൽ ബഹു.മുഖ്യമന്ത്രി മറുപടി നൽകുകയും പെൻഷൻകാരുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് ചർച്ച നടത്താമെന്ന് നിയമസഭയിൽ ഉറപ്പ് നല്കുകയും ചെയ്തിരുന്നു. ആയതിൻെറ അടിസ്ഥാനത്തിലാണ് 18.01.2013-ൽ പെൻഷൻകാരുടെ സംഘടനകളുടെ പ്രതിനിധികളുമായി ചർച്ച നടത്താൻ ബഹു. മുഖ്യമന്ത്രി തീരുമാനിച്ചത്. 10 മണിക്ക് ആരംഭിച്ച ചർച്ചയിൽ ബഹു. മുഖ്യമന്ത്രിക്ക് പുറമെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി (ധനകാര്യ റിസോഴ്സസ്) ശ്രീ. എം. ഗിരീഷ്കുമാർ, സ്റ്റേറ്റ് ഇൻഷ്വറൻസ് ഡയറക്ടർ ശ്രീ. പി.എം. ഫിലിപ്പ് തുടങ്ങിയവരും വിവിധ പെൻഷൻ സംഘടനകളുടെ 23 പ്രതിനിധികളും പങ്കെടുത്തു. (പെൻഷൻ സംഘടനാ പ്രതിനിധികളുടെ പേരു വിവരം അനുബന്ധമായി ചേർക്കുന്നു).

2. ഇപ്പോൾ തുടരുന്ന സ്റ്റാറ്റ്യൂട്ടറി പെൻഷൻ സമ്പ്രദായം നിലവിലുള്ള ജീവനക്കാർക്ക് നിലനിർത്തുമെന്നും periodical revisions ഉറപ്പുവരുത്തുമെന്നും പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കുവാനുള്ള തീരുമാനം സംസ്ഥാനത്തിൻെറ ഭാവി മുന്നിൽ കണ്ടുകൊണ്ടാണെന്നും ബഹു. മുഖ്യമന്ത്രി ആമുഖമായി പറഞ്ഞു. ബഹു. മുഖ്യമന്ത്രി ഉറപ്പു പറഞ്ഞതു പോലെ periodical revisions -നുള്ള provision KSR ൽ ഉൾപ്പെടുത്തണമെന്ന് KSSPA പ്രതിനിധി ആവശ്യപ്പെട്ടു. ഇക്കാര്യത്തിൽ ആശങ്ക ഉണ്ടാവേണ്ടതില്ല എന്നും KSR ൽ പ്രത്യേക വ്യവസ്ഥ ആവശ്യമില്ലെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

3. പെൻഷൻകാരുടെ ചികിത്സാ പദ്ധതി സംബന്ധിച്ച് വിവിധ അഭിപ്രായങ്ങളാണ് സംഘടനാ പ്രതിനിധികൾ ഉന്നയിച്ചത്. കേന്ദ്ര സർക്കാർ നടപ്പിലാക്കിയിട്ടുള്ള C.G.H.S മാതൃകയിൽ ചികിത്സാ പദ്ധതി ആവിഷ്കരിക്കണമെന്ന് SEAK പ്രതിനിധി ആവശ്യപ്പെട്ടു. തമിഴ്നാട്ടിൽ നടപ്പിലാക്കിയ സൗജന്യ ചികിത്സാ സമ്പ്രദായത്തെക്കുറിച്ചുള്ള വിശദാംശങ്ങൾ ബഹു. മുഖ്യമന്ത്രി ആരാഞ്ഞു. ഇതിനെ അനുകൂലിച്ച് സംഘടനാ പ്രതിനിധികൾ അഭിപ്രായം പറഞ്ഞു. ആവശ്യമെങ്കിൽ, തമിഴ്നാട്ടിൽ നടപ്പിലാക്കിയിട്ടുള്ള സ്കീമിൽ മാറ്റം വരുത്തികൊണ്ട് ഇവിടെ നടപ്പാക്കുന്നത് പരിഗണിക്കാമെന്നും ഇക്കാര്യം ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുമായി ആലോചിച്ച് തീരുമാനമെടുക്കുന്നതാണെന്നും മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു.

4. കേന്ദ്ര സർക്കാരിലും മറ്റ് സംസ്ഥാനങ്ങളിലും പ്രായമേറിയ പെൻഷൻകാർക്ക് അധിക പെൻഷൻ അനുവദിക്കുന്നതുപോലെ കേരളത്തിലും 70 വയസ്സ് മുതൽ ടി ആനുകൂല്യം അനുവദിക്കണമെന്ന് ഒരു പ്രതിനിധി അഭ്യർത്ഥിച്ചു. ആനുകൂല്യം അനുവദിക്കണമെന്ന് പ്രതിനിധികൾ ആവശ്യപ്പെട്ടെങ്കിലും പെൻഷൻ നൽകുന്നതു കൊണ്ടുള്ള ബാധ്യത വളരെ കൂടുതലായതിനാൽ ഇക്കാര്യത്തിൽ വിശദമായ പരിശോധന ആവശ്യമാണ് എന്ന് മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു.

5. തുടർന്ന് പെൻഷൻ വകുപ്പ് രൂപീകരിക്കുന്നത് സംബന്ധിച്ച അഭിപ്രായങ്ങൾ ചില പ്രതിനിധികൾ ഉന്നയിച്ചു. അഞ്ചര ലക്ഷത്തോളം പെൻഷൻകാരുടെ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് ധനകാര്യ വകുപ്പിൽ പരിമിതമായ സ്റ്റാഫ് മാത്രമേയുള്ളുവെന്നും ആയതിനാൽ ധനകാര്യവകുപ്പിനുള്ളിൽ തന്നെ ആവശ്യമായ സ്റ്റാഫിനെ നിയമിക്കണമെന്നും ഒരു പ്രതിനിധി ആവശ്യപ്പെട്ടു. ക്ഷേമനിധി രൂപീകരിക്കുന്നത് സംബന്ധിച്ച് ചില പ്രതിനിധികൾ ആവശ്യം ഉന്നയിച്ചെങ്കിലും ചികിത്സാ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുകയാണെങ്കിൽ ക്ഷേമനിധിയുടെ

ആവശ്യം ഇല്ലെന്ന് ചില പ്രതിനിധികൾ അഭിപ്രായപ്പെട്ടു. കൂടാതെ പെൻഷൻകാരുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനായി പെൻഷൻ കമ്മീഷൻ രൂപീകരിക്കണമെന്നും PWD പോലെയുള്ള വകുപ്പുകളിൽ പെൻഷൻ അനുവദിക്കുന്നതിനുണ്ടാകുന്ന കാലതാമസം ഒഴിവാക്കേണ്ടതാണെന്നും ആവശ്യപ്പെട്ടു. കൂടാതെ 01.03.2002 മുതൽ 30.06.2004 വരെ വിരമിച്ചവർക്ക് ശമ്പള പരിഷ്ക്കരണം വൈകിയത് മൂലമുണ്ടായ സാമ്പത്തിക നഷ്ടം പരിഹരിക്കുന്നതിനായി അനുവദിച്ച 5% വർദ്ധനവ് അപര്യാപ്തമാണെന്നും അതിനാൽ ടി വിഭാഗക്കാർക്ക് പെൻഷനിൽ ഉണ്ടായിരിക്കുന്ന കുറവ് പരിഹരിക്കണമെന്നും ഒരു പ്രതിനിധി ആവശ്യപ്പെട്ടു. കേന്ദ്രഗവൺമെന്റ് അനുവദിച്ചതിന് തുല്യമായ Fitment ആനുകൂല്യം, വിരമക്കൽ തീയതി / വർഷം പരിഗണിച്ച് അനുവദിക്കുക, Full പെൻഷനുവേണ്ട Qualifying Service 20 വർഷമാക്കുക, Ex-gratia പെൻഷൻകാർക്ക് ആവശ്യമായ ആനുകൂല്യങ്ങൾ അനുവദിക്കുക, അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയിൽ പെൻഷൻ നൽകുന്നതിനുള്ള കാലതാമസം, ട്രഷറിയിൽ പെൻഷൻകാർക്ക് സൗകര്യം ഏർപ്പെടുത്തുക എന്നിവ സംബന്ധിച്ചും യോഗം ചർച്ച ചെയ്തു . സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കൂടി കണക്കിലെടുത്തുകൊണ്ട് ചർച്ചയിൽ ഉന്നയിക്കപ്പെട്ട ആവശ്യങ്ങൾ പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുമെന്ന് ബഹു.മുഖ്യമന്ത്രി ഉറപ്പു നൽകി.

ചർച്ച 1.1 മണിക്ക് അവസാനിച്ചു.